Reg. No. : ....................................

Name : .......................................

**SY 44**

**MARCH 2019**

Time : 2½ Hours
Cool-off time : 15 Minutes

Part – III

# ANTHROPOLOGY

Maximum : 80 Scores

***General Instructions to Candidates :***

- There is a 'Cool-off time' of 15 minutes in addition to the writing time.
- Use the 'Cool-off time' to get familiar with questions and to plan your answers.
- Read questions carefully before answering.
- Read the instructions carefully.
- Calculations, figures and graphs should be shown in the answer sheet itself.
- Malayalam version of the questions is also provided.
- Give equations wherever necessary.
- Electronic devices except non-programmable calculators are not allowed in the Examination Hall.

***വിദ്യാർത്ഥികൾക്കുള്ള പൊതുനിർദ്ദേശങ്ങൾ :***

- നിർദ്ദിഷ്ട സമയത്തിന് പുറമെ 15 മിനിറ്റ് 'കൂൾ ഓഫ് ടൈം' ഉണ്ടായിരിക്കും.
- 'കൂൾ ഓഫ് ടൈം' ചോദ്യങ്ങൾ പരിചയപ്പെടാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യാനും ഉപയോഗിക്കുക.
- ഉത്തരങ്ങൾ എഴുതുന്നതിന് മുമ്പ് ചോദ്യങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കണം.
- നിർദ്ദേശങ്ങൾ മുഴുവനും ശ്രദ്ധാപൂർവ്വം വായിക്കണം.
- കണക്ക് കൂട്ടലുകൾ, ചിത്രങ്ങൾ, ഗ്രാഫുകൾ, എന്നിവ ഉത്തരപേപ്പറിൽ തന്നെ ഉണ്ടായിരിക്കണം.
- ചോദ്യങ്ങൾ മലയാളത്തിലും നല്കിയിട്ടുണ്ട്.
- ആവശ്യമുള്ള സ്ഥലത്ത് സമവാക്യങ്ങൾ കൊടുക്കണം.
- പ്രോഗ്രാമുകൾ ചെയ്യാനാകാത്ത കാൽക്കുലേറ്ററുകൾ ഒഴികെയുള്ള ഒരു ഇലക്ട്രോണിക് ഉപകരണവും പരീക്ഷാഹാളിൽ ഉപയോഗിക്കുവാൻ പാടില്ല.

**Answer all questions from 1 to 16. Each carries 1 score. (16 × 1 = 16)**

**Fill in the blanks choosing correct answer from the bracket given below :**

1. Intensive study of single social unit is ____________.

2. ____________ is the planned sequence of entire work involved in conducting a research.

3. Regularities of personalities among people living in deprived conditions is ____________.

4. The concept 'Sacred Complex' is introduced by ____________.

   [Historical method, Oscar Lewis, Case study, Scientific method, Research design, Culture of poverty, L.P. Vidhyarthi]

**Find the Pair :**

5. Bushmen : Hunters and gatherers

   Todas : ____________

6. Article 25 : Freedom of religion

   Article 17 : ____________

7. Uprooting of people from their original habitat : Displacement

   Restoring of displaced people into a new habitat : ____________

8. Expand PVTGs.

**1 മുതൽ 16 വരെയുള്ള എല്ലാ ചോദ്യങ്ങൾക്കും ഉത്തരം എഴുതണം. 1 സ്കോർ വീതം.**

**(16 × 1 = 16)**

**ബ്രാക്കറ്റിൽ കൊടുത്തിരിക്കുന്നവയിൽ നിന്നും ശരിയായ ഉത്തരം തെരഞ്ഞെടുത്ത് വിട്ടഭാഗം പൂരിപ്പിക്കുക :**

1. ഒരു സാമൂഹ്യ ഘടകത്തെക്കുറിച്ച് ആഴത്തിലുള്ള പഠനമാണ് _______.

2. ഗവേഷണം നടത്തുന്നതിനുവേണ്ട മുഴുവൻ പ്രക്രിയകളുടേയും ചിട്ടയായ ആസൂത്രണമാണ് _______.

3. ശോചനീയമായ സാമ്പത്തിക അവസ്ഥയിൽ ജീവിക്കുന്ന ആളുകളിലെ വ്യക്തിത്വത്തിൽ കാണപ്പെടുന്ന സമാനതയാണ് _______.

4. 'സേക്രട്ട് കോംപ്ലക്സ്' എന്ന ആശയം അവതരിപ്പിച്ചത് _______ ആണ്.

   [ഹിസ്റ്റോറിക്കൽ മെത്തേഡ്, ഓസ്കാർ ലെവിസ്, കേസ് സ്റ്റഡി, ശാസ്ത്രീയമായ രീതി, റിസേർച്ച് ഡിസൈൻ, കൾച്ചർ ഓഫ് പോവർട്ടി, എൽ.പി. വിദ്യാർത്ഥി]

**ജോഡി കണ്ടെത്തുക :**

5. ബുഷ്മാൻ : വേട്ടയാടലും ഭക്ഷ്യ ശേഖരണവും

   തോട : ___________

6. ആർട്ടിക്കിൾ 25 : മതപരമായ സ്വാതന്ത്ര്യം

   ആർട്ടിക്കിൾ 17 : ___________

7. ഒരു വാസസ്ഥലത്ത് നിന്നും ആളുകളെ വേരോടെ പിഴുതുമാറ്റൽ : കുടിയിറക്കൽ

   കുടിയിറക്കപ്പെട്ട ആളുകളെ ഒരു പുതിയ വാസസ്ഥലത്തേക്ക് മാറ്റിപ്പാർപ്പിക്കൽ : ___________

8. PVTGs ന്റെ പൂർണ്ണരൂപം എഴുതുക.

**Match the Column A, B and C suitably :**

| | A | B | C |
|---|---|---|---|
| 9. | E.B. Tylor | Diffusionism | Cultural Ecology |
| 10. | Julian Steward | Functionalism | Culture area |
| 11. | Clark Wissler | Multilinear Evolution | Animism Theory |
| 12. | Malinowski | Classical Evolution | Theory of Need |

13. Find the odd item based on the criterion given in bracket.

    Dravidian, Proto-australoid, Mangaloid, Negroid. [Racial groups]

14. Name the only State in India where female population exceeds male population.

15. Who wrote the book 'Philosophy for NEFA' ?

16. Which among the following is not a part of Nehru's Tribal Panchaseel ?

    (a) Tribes should develop along the lines of their own genius.

    (b) Tribal rights in land and forest should be respected.

    (c) Assimilate the tribal people into the mainstream of society.

    (d) Not over administer tribal areas with multiplicity of schemes.

എ, ബി, സി എന്നീ കോളങ്ങൾ അനുയോജ്യമായ രീതിയിൽ ചേർത്തെഴുതുക :

| | എ | ബി | സി |
|---|---|---|---|
| 9. | ഇ.ബി. ടൈലർ | പരിണാമവാദം | കൾച്ചറൽ ഇക്കോളജി |
| 10. | ജൂലിയൻ സ്റ്റിവാർഡ് | ധർമ്മവാദം | കൾച്ചർ ഏരിയ |
| 11. | ക്ലാർക്ക് വിസ്‌ലർ | ബഹുരേഖാ പരിണാമ വാദം | ആനിമിസം തിയറി |
| 12. | മലിനോവ്സ്കി | ക്ലാസ്സിക്കൽ ഇവലൂഷൻ | തിയറി ഓഫ് നീഡ് |

13. ബ്രാക്കറ്റിൽ കൊടുത്തിരിക്കുന്ന മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ കൂട്ടത്തിൽപ്പെടാത്തത് കണ്ടെത്തുക :

ദ്രവീഡിയൻ, പ്രോട്ടോ-ആസ്ത്രലോയിഡ്, മംഗളോയിഡ്, നീഗ്രോയിഡ് [മനുഷ്യ വർഗ്ഗങ്ങൾ]

14. സ്ത്രീകളുടെ എണ്ണം പുരുഷന്മാരെക്കാൾ കൂടുതലുള്ള ഇന്ത്യയിലെ ഒരേ ഒരു സംസ്ഥാനത്തിന്റെ പേര് എഴുതുക.

15. 'ഫിലോസഫി ഫോർ നെഫ' എന്ന ഗ്രന്ഥം എഴുതിയതാര് ?

16. താഴെ കൊടുത്തിരിക്കുന്നവയിൽ നെഹ്റുവിന്റെ ട്രൈബൽ പഞ്ചശീലിൽ ഉൾപ്പെടാത്തത് ഏത് ?

(a) ഗോത്രവർഗ്ഗക്കാരെ അവരുടെ തനതായ കഴിവുകളിലൂടെ വികസിക്കാൻ അനുവദിക്കുക.

(b) ഗോത്രവർഗ്ഗക്കാർക്ക് ഭൂമിയിലും വനപ്രദേശത്തും ഉള്ള അവകാശം അംഗീകരിക്കുക.

(c) ഗോത്രവർഗ്ഗക്കാരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൂട്ടിച്ചേർക്കുക.

(d) അമിതമായ പദ്ധതികൾ നടപ്പാക്കി ഗോത്രവർഗ്ഗ മേഖലയെ വീർപ്പുമുട്ടിക്കരുത്.

**Answer any 6 questions from 17 to 23. Each carries 2 scores.** **(6 × 2 = 12)**

17. Write any four sources of data for case study method.

18. Write a brief note on ‘content analysis’ method.

19. Differentiate Universalization from Parochialisation.

20. Write the important elements for a caste to be dominant in an area according to M.N. Srinivas.

21. Write a short note on ‘Hot and Cold’ concept of food in Ethnomedicine.

22. Write any four features of Anthropological approach to tribal development.

23. Examine the concept Sustainable Human Development.

**Answer any 5 questions from 24 to 29. Each carries 4 scores.** **(5 × 4 = 20)**

24. What is Questionnaire ? Write any six qualities of a good questionnaire.

25. Define Scientific Method. Describe the important steps to be followed in Scientific method.

**17 മുതൽ 23 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 6 എണ്ണത്തിന് ഉത്തരം എഴുതുക.**

**2 സ്കോർ വീതം.** **(6 × 2 = 12)**

17. കേസ് സ്റ്റഡി രീതിയിൽ പഠനം നടത്തുന്നതിനുള്ള വിവര ശേഖരണത്തിന്റെ 4 ഉറവിടങ്ങൾ എഴുതുക.

18. 'കണ്ടന്റ് അനാലിസിസ് ' രീതിയെക്കുറിച്ച് ഒരു കുറിപ്പെഴുതുക.

19. സാർവ്വത്രികവത്ക്കരണത്തെ പ്രാദേശികവത്ക്കരണത്തിൽ നിന്നും വ്യത്യാസപ്പെടുത്തുക.

20. എം. എൻ. ശ്രീനിവാസിന്റെ അഭിപ്രായത്തിൽ ഒരു ജാതി ഒരു പ്രബല ജാതിയാകുന്നതിന് ഉണ്ടായിരിക്കേണ്ട സവിശേഷതകൾ എന്തെല്ലാം ?

21. എത്നോമെഡിസിൻ പ്രകാരം 'ഭക്ഷണത്തിലെ ചൂട്, തണുപ്പ് ' എന്നീ ആശയത്തെക്കുറിച്ച് ഒരു ചെറുകുറിപ്പ് എഴുതുക.

22. ഗോത്രവർഗ്ഗ വികസനവുമായി ബന്ധപ്പെട്ട നരവംശശാസ്ത്ര സമീപനത്തിന്റെ ഏതെങ്കിലും നാല് സവിശേഷതകൾ എഴുതുക.

23. 'സുസ്ഥിര മാനവിക വികസനം' എന്ന ആശയം പരിശോധിക്കുക.

**24 മുതൽ 29 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 5 എണ്ണത്തിന് ഉത്തരം എഴുതുക.**

**4 സ്കോർ വീതം.** **(5 × 4 = 20)**

24. എന്താണ് ചോദ്യാവലി ? ഒരു നല്ല ചോദ്യാവലിക്ക് ഉണ്ടായിരിക്കേണ്ട ആറ് ഗുണങ്ങൾ എഴുതുക.

25. 'ശാസ്ത്രീയ രീതി' എന്തെന്ന് നിർവ്വചിക്കുക. ശാസ്ത്രീയ പഠന രീതിയിൽ പിൻതുടരേണ്ട പ്രധാന ഘട്ടങ്ങൾ വിവരിക്കുക.

26. Differentiate physiological adaptation from cultural / behavioural adaptation with suitable examples.

27. Explain the concept 'Folk – Urban Continuum' proposed by Robert Redfield.

28. 'Historians and Social Scientists consider India as an Ethnological Museum.' Analyse this statement based on racial, caste, tribal profile of India.

29. List down any four contributions of any two Indian Anthropologists given below :

    (a) L.K. Ananthakrishna Iyer

    (b) M.N. Srinivas

    (c) P.R.G. Mathur

**Answer any 4 questions from 30 to 34. Each carries 6 scores.** **(4 × 6 = 24)**

30. Prepare a chart showing different types of observation. Evaluate the importance of observation in Anthropological research by highlighting the merits of each of these types.

31. Briefly explain Malinowski's theory of functionalism.

32. Explain how Ethnomedicine differs from Biomedicine in areas like

    (a) Disease causation

    (b) Treatment

    (c) Preventive measures

26. ശാരീരികമായ അനുകൂലനം, സാംസ്കാരിക (പെരുമാറ്റപരം) മായ അനുകൂലനം എന്നിവ ഉദാഹരണ സഹിതം വേർതിരിച്ചെഴുതുക.

27. റോബർട്ട് റെഡ്ഫീൽഡ് അവതരിപ്പിച്ച 'ഫോക്ക്-അർബൻ കണ്ടിന്വം' എന്ന ആശയം വിശദീകരിക്കുക.

28. ചരിത്രകാരന്മാരും സാമൂഹ്യ ശാസ്ത്രജ്ഞരും ഇന്ത്യയെ ഒരു 'എത്നോളജിക്കൽ മ്യൂസിയം' ആയി കണക്കാക്കുന്നു. ഇന്ത്യയിലെ വർഗ്ഗം, ജാതി, ഗോത്രം തുടങ്ങിയവയുടെ അടിസ്ഥാനത്തിൽ ഈ പ്രസ്താവനയെ വിശകലനം ചെയ്യുക.

29. താഴെ കൊടുത്തിരിക്കുന്നതിൽ ഏതെങ്കിലും രണ്ട് ഇന്ത്യൻ നരവംശ ശാസ്ത്രജ്ഞരുടെ നാല് പ്രധാന സംഭാവനകൾ വീതം എഴുതുക :

(a) എൽ. കെ. അനന്തകൃഷ്ണ അയ്യർ

(b) എം. എൻ. ശ്രീനിവാസ്

(c) പി.ആർ.ജി. മാത്തൂർ

**30 മുതൽ 34 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് ഉത്തരം എഴുതുക. 6 സ്കോർ വീതം.** **(4 × 6 = 24)**

30. നിരീക്ഷണത്തിന്റെ വിവിധ തരങ്ങൾ കാണിക്കുന്ന ചാർട്ട് വരയ്ക്കുക. വിവിധതരം നിരീക്ഷണങ്ങളുടെ ഗുണങ്ങൾ വിശദമാക്കിക്കൊണ്ട് നരവംശശാസ്ത്ര ഗവേഷണത്തിൽ നിരീക്ഷണ രീതിയുടെ പ്രാധാന്യം പരിശോധിക്കുക.

31. മലിനോവ്സ്കിയുടെ ധർമ്മവാദ (ഫംഗ്ഷണലിസം) സിദ്ധാന്തം വിവരിക്കുക.

32. താഴെ കൊടുത്തിരിക്കുന്ന മേഖലകളിൽ എത്നോമെഡിസിൻ ബയോമെഡിസിനിൽ നിന്നും എങ്ങനെ വ്യത്യാസപ്പെട്ടിരിക്കുന്നു എന്ന് വിശദമാക്കുക.

(a) രോഗ കാരണം

(b) ചികിത്സ

(c) രോഗപ്രതിരോധ മാർഗ്ഗങ്ങൾ

33. Explain the significance of any three environmental movements in India.

34. As factors of social change, examine how economic, technological and legal factors are relevant.

**Answer any 1 question from 35 to 36 in not more than 250 words. 8 scores.**

**(1 × 8 = 8)**

35. Briefly explain the major problems faced by the tribal people of India.

36. By analyzing any four tribal movements in India examine how economic exploitations and inhuman social oppressions created unrest in Indian tribal areas.

---

33. ഇന്ത്യയിലെ ഏതെങ്കിലും 3 പാരിസ്ഥിതിക മുന്നേറ്റങ്ങളുടെ പ്രാധാന്യം വിശദീകരിക്കുക.

34. സാമൂഹ്യമാറ്റത്തിന്റെ ഘടകങ്ങൾ എന്ന നിലയിൽ സാമ്പത്തികം, സാങ്കേതികം, നിയമപരം എന്നിവ എത്രത്തോളം പ്രസക്തമാണെന്ന് വിലയിരുത്തുക.

**35 മുതൽ 36 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 1 എണ്ണത്തിന് 250 വാക്കിൽ കവിയാതെ ഉത്തരം എഴുതുക. 8 സ്കോർ.** **(1 × 8 = 8)**

35. ഇന്ത്യയിലെ ഗോത്രവർഗ്ഗക്കാർ അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നങ്ങൾ വിശദീകരിക്കുക.

36. ഏതെങ്കിലും നാല് ഗോത്രവർഗ്ഗ പ്രക്ഷോഭങ്ങളെ വിശകലനം ചെയ്തുകൊണ്ട് സാമ്പത്തിക ചൂഷണങ്ങളും മനുഷ്യത്വ രഹിതമായ അടിച്ചമർത്തലുകളും എങ്ങനെ ഇന്ത്യയിലെ ഗോത്രവർഗ്ഗ മേഖലയിലെ സാമൂഹിക അരക്ഷിതാവസ്ഥയ്ക്ക് കാരണമായി എന്ന് പരിശോധിക്കുക.